**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 35 — 23/01/2018-ൽ മറുപടിക്ക്

## ഭാരതപ്പുഴയിലെ മലിനീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഭാരതപ്പുഴയിലെ മലിനീകരണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത കുടിവെള്ള സ്രോതസ്സിന്റെ പ്രാധാന്യം കണക്കിലെടുത്ത് പുഴയിൽ മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ സാധിക്കുമോ; | (എ) | ഭാരതപ്പുഴയിലെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA No. 16 of 2016 ലെ 23-05-2016 ലെ ഉത്തരവ് പ്രകാരം ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റിയിൽ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, പരിസ്ഥിതി ഡയറക്ടറേറ്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി ഭാരതപ്പുഴയുടെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് മലിനീകരണം തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശുപാർശ ചെയ്യണമെന്ന് ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൽ പറഞ്ഞതിൻ പ്രകാരം ടി കമ്മിറ്റിയിലേക്ക് പ്രതിനിധികളെ ബന്ധപ്പെട്ട വകുപ്പുകൾ നിയോഗിക്കുകയും, കമ്മിറ്റി ഭാരതപ്പുഴയുടെ പ്രാന്തപ്രദേശങ്ങളും പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഗാർഹിക മാലിന്യങ്ങളും ചെറുകിട ഹോട്ടലുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലവും മറ്റും നദിയിലെത്തിച്ചേരുന്നത് മലിനീകരണത്തിന് പ്രധാന കാരണമായതിനാൽ ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുൻസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടേയും കൽപ്പാത്തി വില്ലേജിലേയും സെക്രട്ടറിമാർക്ക്, ഇത്തരം സ്ഥാപനങ്ങൾ മലിനജലം ശുദ്ധീകരിക്കാതെ കാനയിലേക്ക് നേരിട്ട് വിടുന്നത് തടയണ |

| | | | |
|---|---|---|---|
| | | | മെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഷൊർണ്ണൂർ റയിൽവേ സ്റ്റേഷനിൽ നിന്നുള്ള മലിനജലം ഒഴുക്കുന്നത് തടയുവാനും മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുവാനും നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപ രേഖ തയ്യാറാക്കി വരുകയാണ്. കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് തൃത്താല ഗ്രാമ പഞ്ചായത്ത്, പട്ടാമ്പി നഗരസഭ, ഒറ്റപ്പാലം നഗരസഭ, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, ഷൊർണ്ണൂർ നഗരസഭ, ഉൾപ്പെടെയുള്ളവരുമായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചേർന്ന യോഗതീരുമാനപ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ചില വ്യവസായ ശാലകളും ബോർഡിന്റെ പ്രവർത്തനാനുമതിയിലെ നിബന്ധനകൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ വ്യവസായ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും സ്ഥാപനങ്ങൾ നിർദ്ദേശങ്ങൾ പാലിച്ചതായി തുടർ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതുമാണ്. പുഴയിൽ മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക എന്നത് പ്രായോഗികമല്ല. |
| (ബി) | പട്ടാമ്പി ഭാഗത്ത് ഭാരതപ്പുഴയുടെ കരകളിൽ സൗന്ദര്യ വല്കരണം നടത്തി മലിനീകരണം കുറയ്ക്കുവാൻ സാധിക്കുമെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതിനുള്ള ഫണ്ട് പുഴ സംരക്ഷണ ഫണ്ടിൽ നിന്നും ഉപയോഗിക്കുവാൻ സാധിക്കുമോ? | (ബി) | പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ